**TRAVANCORE TITANIUM PRODUCTS LIMITED**
Kochuveli, Thiruvananthapuram - 695021.
(A Government of Kerala Undertaking)
www.travancoretitanium.com
Tel.No.0471-2500540

Employment Notification No.1/TTPL/2020 dated 26/02/2020

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ISO 9001:2015 സർട്ടിഫൈഡ് കമ്പനി താഴെപറയുന്ന തസ്തികകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും **ഓൺലൈൻ** അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം: | തസ്തികയുടെ പേര് | ഒഴിവുകളുടെ എണ്ണം | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | വർക്ക് അസിസ്റ്റന്റ് (പ്രൊഡക്ഷൻ) | 47 | കെമിസ്ട്രി ഒരു വിഷയമായുള്ള പ്രീഡിഗ്രി/പ്ലസ് ടു പരീക്ഷ പാസായിരിക്കണം അല്ലെങ്കിൽ അപ്രന്റീസ്ഷിപ്പ് ട്രെയ്നിംഗ് സ്കീമിന്റെ കീഴിലുള്ള അറ്റൻഡന്റ് ഓപ്പറേറ്റർ ട്രേഡിൽ NAC യോഗ്യത നേടിയിരിക്കണം. |
| 2 | വർക്ക് അസിസ്റ്റന്റ് (ഫിറ്റർ) | 15 | ഫിറ്റർ ട്രേഡിൽ നേടിയ ഐ.ടി.ഐ.സർട്ടിഫിക്കറ്റ് |
| 3 | വർക്ക് അസിസ്റ്റന്റ് (വെൽഡർ) | 1 | വെൽഡർ ട്രേഡിൽ നേടിയ ഐ.ടി.ഐ. സർട്ടിഫിക്കറ്റ് |
| 4 | വർക്ക് അസിസ്റ്റന്റ് (ഇലക്ട്രീഷ്യൻ) | 7 | ഇലക്ട്രീഷ്യൻ ട്രേഡിൽ നേടിയ ഐ.ടി.ഐ. സർട്ടിഫിക്കറ്റ് |
| 5 | വർക്ക് അസിസ്റ്റന്റ് (ഇൻസ്ട്രുമെന്റേഷൻ) | 2 | ഇൻസ്ട്രുമെന്റ് മെക്കാനിക് അല്ലെങ്കിൽ ഇലക്ട്രോണിക്സ് ട്രേഡിൽ നേടിയ ഐ.ടി.ഐ. സർട്ടിഫിക്കറ്റ് |
| 6 | വർക്ക് അസിസ്റ്റന്റ് (സാനിറ്ററി പ്ലംബർ) | 1 | പ്ലംബർ ട്രേഡിൽ നേടിയ ഐ.ടി.ഐ. സർട്ടിഫിക്കറ്റ് |
| 7 | വർക്ക് അസിസ്റ്റന്റ് (ലെഡ് ലൈനർ) | 2 | വെൽഡർ ട്രേഡിൽ നേടിയ ഐ.ടി.ഐ.സർട്ടിഫിക്കറ്റ് |
| 8 | വർക്ക് അസിസ്റ്റന്റ് (ബ്രിക്ക് ലെയർ) | 1 | എസ്.എസ്.എൽ.സി/ജെ.ടി.എസ്.സി |
| 9 | വർക്ക് അസിസ്റ്റന്റ് (റിഗ്ഗർ) | 4 | എസ്.എസ്.എൽ.സി/ജെ.ടി.എസ്.സി |

## നിർദ്ദേശങ്ങൾ

1. പ്രായപരിധി : **01/01/2020** ന് 18 (പതിനെട്ട്) വയസ് തികഞ്ഞിരിക്കേണ്ടതും 36 (മുപ്പത്തിയാറ്) വയസ് തികയാൻ പാടില്ലാത്തതുമാണ്. പട്ടികജാതി/പട്ടിക വർഗ്ഗക്കാർ, മറ്റു പിന്നോക്ക സമുദായക്കാർ/വിമുക്തഭടന്മാർ/വികലാംഗർ എന്നിവർക്ക് പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുകൾ ലഭ്യമാണ്.

2. ശമ്പളവും അലവൻസുകളും

   1 മുതൽ 9 വരെയുള്ള തസ്തികകൾക്ക് Total emoluments Rs.22,709/- (pre-revised) ആയിരിക്കും. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് Rs.5,600-12,930 ശമ്പള സ്കെയിലിൽ നിയമനം ലഭിക്കുന്നതാണ്. വേരിയബിൾ ഡി.എ, എച്ച്.ആർ.എ മറ്റു നിലവിലുള്ള ആനുകൂല്യങ്ങൾ എന്നിവ അതാതു കാലത്തെ കമ്പനി നിയമം അനുസരിച്ച് ലഭിക്കുന്നതാണ്.

## പൊതു നിർദ്ദേശങ്ങൾ

1. The Employment Exchanges (Compulsory Notification of Vacancies) Act 1959 പ്രകാരം കമ്പനിയിലെ എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ് ചേയ്ഞ്ചിനെ അറിയിക്കേണ്ടതാണ്. ആയതിനാൽ എംപ്ലോയ്മെന്റ് എക്സ് ചേയ്ഞ്ച് നിർദ്ദേശിക്കുന്ന സംവരണതത്വമായിരിക്കും പാലിക്കപ്പെടുന്നത്

2. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു രാസവ്യവസായ സ്ഥാപനമായതിനാൽ മേൽ സൂചിപ്പിച്ച എല്ലാ തസ്തികകളിലും രാത്രി ഉൾപ്പെടെയുള്ള മൂന്ന് ഷിഫ്റ്റുകളിൽ ജോലിചെയ്യേണ്ടതാണ്

3. ഉദ്യോഗാർത്ഥികളെ എഴുത്ത് പരീക്ഷ നടത്തി അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ലിസ്റ്റ് പ്രകാരം അർഹതയുള്ളവരെ പ്രായോഗിക പരീക്ഷയും ഇന്റർവ്യുവും നടത്തി തെരഞ്ഞെടുക്കുന്നതാണ്. എഴുത്ത് പരീക്ഷ ഇംഗ്ലീഷിലോ മലയാളത്തിലോ ആയിരിക്കും.

4. ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ട കോപ്പികൾ :

   (a). വയസ് തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി. (തത്തുല്യമായ) സർട്ടിഫിക്കറ്റിന്റെ കോപ്പി .

   (b). അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റും മാർക്ക് ഷീറ്റും.

   (c). SC/ST/OBC വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ സംവരണ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി Community Certificate/Non Creamy Layer Certificate ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി സമർപ്പിക്കേണ്ട താണ്.

   (d). ID Proof (Aadhar/Voters ID) കോപ്പി.

മുകളിൽ പറഞ്ഞിരിക്കുന്ന രേഖകളെല്ലാം ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള രീതിയിലായിരിക്കണം. പ്രസ്തുത രേഖകളുടെ കോപ്പികൾ വ്യക്തമാക്കുന്നവിധം അപ്ലോഡ് ചെയ്യാത്ത പക്ഷം ഉദ്യോഗാർത്ഥിയുടെ അപേക്ഷ നിരസിക്കപ്പെടുന്നതാണ്.

5. അപേക്ഷകർ ഈ വിജ്ഞാപനത്തിന് അപേക്ഷിക്കുന്നതിനുമുമ്പ് വിശദമായും ശ്രദ്ധാപൂർവ്വവും നിയമനത്തിനുള്ള യോഗ്യതയെക്കുറിച്ച് സ്വയം തീരുമാനിക്കുകയും വിശദാംശങ്ങൾ പൂർണ്ണമായും ഓൺലൈനിൽ നൽകുകയും വേണം.

6. ഓൺലൈൻ വഴിയുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. അല്ലാതെയുള്ള അപേക്ഷകൾ നിരസിക്കുന്നതാണ്. 1 മുതൽ 9 വരെയുള്ള തസ്തികകൾക്ക് മുൻനോട്ടിഫിക്കേഷൻ പ്രകാരം തപാൽ മുഖേനയോ, നേരിട്ടോ അപേക്ഷ നല്കിയിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികളും പുതുക്കിയ നോട്ടിഫിക്കേഷൻ പ്രകാരം അപേക്ഷാഫീസ് അടച്ച് വീണ്ടും ഓൺലൈൻ ആയി അപേക്ഷ നല്കേണ്ടതാണ്.

7. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിലെ അപാകതകൾ/ന്യൂനതകൾക്ക് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ഉത്തരവാദിയല്ല.

8. അപേക്ഷകർ നിർബന്ധമായും അപേക്ഷയുടെ എല്ലാ ഭാഗങ്ങളും പൂരിപ്പിച്ച് ഓൺലൈൻ വഴി നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

9. അപൂർണ്ണമായ/തെറ്റായ അപേക്ഷാ ഫോം സംക്ഷിപ്തമായി നിരസിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷാ ഫോം പൂരിപ്പിക്കുന്നതിൽ അപേക്ഷകർ ശ്രദ്ധിക്കണം. സൂക്ഷ്മപരിശോധനയ്ക്കിടെ എന്തെങ്കിലും വീഴ്ച കണ്ടെത്തിയാൽ, ഉദ്യോഗാർത്ഥി റിക്രൂട്ട്മെന്റ് പ്രക്രിയയുടെ അവസാനഘട്ടത്തിലൂടെയോ അല്ലെങ്കിൽ പിന്നീടുള്ള ഘട്ടത്തിലോ ആണെങ്കിലും ഉദ്യോഗാർത്ഥിത്വം നിരസിക്കപ്പെടും.

10. അപേക്ഷാ ഫോം പൂരിപ്പിക്കുമ്പോൾ അപേക്ഷകർ തെറ്റായ, പൂർണ്ണമല്ലാത്ത വിവരങ്ങൾ നൽകരുത്. ഓൺലൈൻ അപേക്ഷാ ഫോമിൽ നൽകിയിട്ടുള്ള വിശദാംശങ്ങൾ ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന ഒറിജിനൽ രേഖകളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ അപേക്ഷകരുടെ ഉദ്യോഗാർത്ഥിത്വം നിരസിക്കപ്പെടുന്നതാണ്.

11. അപേക്ഷകർക്ക് സാധുവായ (Active) ഒരു വ്യക്തിഗത ഇ-മെയിൽ ഐഡിയും മൊബൈൽ നമ്പരും നിർബന്ധമായും ഉണ്ടായിരിക്കണം. ഇത് ഈ റിക്രൂട്ട്മെന്റ് പ്രക്രിയ പൂർത്തിയാകുന്നതുവരെ സജീവമായി നിലനിർത്തണം. രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐ.ഡി വഴി റിക്രൂട്ട്മെന്റിന്റെ തുടർപ്രക്രിയയുടെ വിവരങ്ങൾ അറിയിക്കുന്നതാണ്.

12. ജനറൽ/ഒ.ബി.സി വിഭാഗത്തിന് 400/- രൂപ അപേക്ഷാ ഫീസായി ഈടാക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകരെ അപേക്ഷാഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഒരിക്കൽ അടച്ച അപേക്ഷാ ഫീസ് ഒരു സാഹചര്യത്തിലും തിരികെ നൽകുന്നതല്ല.

13. ഒന്നിൽ കൂടുതൽ തസ്തികകളിലേക്ക് അപേക്ഷിക്കുന്നവർ ഓരോ തസ്തികക്കും പ്രത്യേകം അപേക്ഷാ ഫീസ് അടച്ച് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

14. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ നിന്ന് പ്രസ്തുത യോഗ്യത നേടിയിട്ടുണ്ടെങ്കിൽ ഉദ്യോഗാർത്ഥി കേരളത്തിലെ അംഗീകൃത അതോറിറ്റിയിൽ നിന്നും തുല്യതാ സർട്ടിഫിക്കറ്റ് വാങ്ങി, അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.

**ഫോട്ടോഗ്രാഫും ഒപ്പും സ്കാൻ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ:-**

ഉദ്യോഗാർത്ഥി ഏറ്റവും പുതിയ ഫോട്ടോ (.JPG ഫോർമാറ്റിൽ മാത്രം 200 KB യിൽ കുറവായിരിക്കണം.) സ്കാൻ ചെയ്ത് ഓൺലൈൻ അപേക്ഷയിൽ നൽകിയിരിക്കുന്ന സ്ഥലത്ത് അത് അപ്ലോഡ് ചെയ്യുക.

ഉദ്യോഗാർത്ഥി ഒരു വെള്ള പേപ്പറിൽ അവരുടെ ഒപ്പ് (.JPG ഫോർമാറ്റിൽ മാത്രം 50 KB യിൽ കുറവായിരിക്കണം.) രേഖപ്പെടുത്തി സ്കാൻ ചെയ്ത് ഓൺലൈൻ ആപ്ലിക്കേഷനിൽ നൽകിയിരിക്കുന്ന സ്ഥലത്ത് അത് അപ്ലോഡ് ചെയ്യുക. ഉദ്യോഗാർത്ഥി തന്റെ മുഴുവൻ ഒപ്പും സ്കാൻ ചെയ്യണം. ക്യാപിറ്റൽ ലെറ്ററുകളിൽ ഒപ്പ് അനുവദനീയമല്ല. ഒപ്പ് ഉദ്യോഗാർത്ഥിയുടേതുമാത്രമായിരിക്കണം മറ്റൊരു വ്യക്തിയും ഉദ്യോഗാർത്ഥിക്ക് പകരം ഒപ്പിടാൻ പാടില്ല.

**<u>ശ്രദ്ധിക്കേണ്ട മറ്റ് വിവരങ്ങൾ</u>**

(1) റിക്രൂട്ട്മെന്റിന്റെ ഏതെങ്കിലും ഒരു ഘട്ടത്തിൽ ഉദ്യോഗാർത്ഥികൾ അർഹതയുടെ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലാത്തതായോ, ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പൂർണമായി നല്കാതിരിക്കുന്നതായോ അഥവാ തെറ്റായ/വ്യാജമായ വിവരങ്ങൾ നല്കിയതായോ കമ്പനിക്ക് ബോദ്ധ്യപ്പെട്ടാൽ നിയമനത്തിനുള്ള അവരുടെ ഉദ്യോഗർത്ഥിത്വം തള്ളിക്കളയുന്നതാണ്.

(2) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന് റിക്രൂട്ട്മെന്റിന്റെ ഏതു ഘട്ടത്തിലും ഉദ്യോഗാർത്ഥിത്വം നിരസിക്കാനും/നിയമനം/നിയമനപ്രക്രിയ റദ്ദാക്കാനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **10/04/2020.**